**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2205** **01-09-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ വിഹിതത്തിലെ കുറവും വില വർദ്ധനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; 2016-ൽ സംസ്ഥാനത്തിന് ലഭിച്ചിരുന്ന മണ്ണെണ്ണ വിഹിതവുമായി താരതമ്യം ചെയ്ത് കേന്ദ്രം കുറവുവരുത്തിയ മണ്ണെണ്ണ വിഹിതത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. 2016 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും 117780KL മണ്ണെണ്ണ ലഭിച്ചു കൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ മൂന്നു മാസത്തിലൊരിയ്ക്കൽ 3888 KL മണ്ണെണ്ണ മാത്രമാണ് ലഭിക്കുന്നത് |
| (ബി) | സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി ലഭിക്കുന്ന മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; 2020 മുതൽ മണ്ണെണ്ണ വിലയിൽ കേന്ദ്രം ക്രമാനുഗതമായി വരുത്തിയ വർദ്ധനവിന്റെ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. സബ്സിഡി , നോൺ സബ്സിഡി മണ്ണെണ്ണയുടെ 2019 ഡിസംബർ മാസത്തെ വില ലിറ്ററിന് 40/- രൂപയാണ്. 2020 ജനുവരി മുതലുള്ള മണ്ണെണ്ണയുടെ ഓരോ മാസത്തിലുമുള്ള വില അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ണെണ്ണ വിഹിതത്തിലുണ്ടായ കുറവും മണ്ണെണ്ണ വിലയിൽ വരുത്തിയ വർദ്ധനവും സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വിശദമാക്കാമോ; | (സി) | മണ്ണെണ്ണ വിഹിതത്തിൽ ഉണ്ടായ കുറവ് മൂലം കഴിഞ്ഞ സാമ്പത്തിക വർഷം ആദ്യം മുതൽ സംസ്ഥാനത്തെ മണ്ണെണ്ണ വിതരണം ത്രൈമാസമായി ക്രമീകരിച്ചാണ് നടത്തുന്നത്. സംസ്ഥാനത്തെ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും, മുഴുവൻ നോൺ ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ 6 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ വിതരണം ക്രമീകരിക്കേണ്ടി വന്നു. |
| (ഡി) | കേന്ദ്രനയം തിരുത്തുന്നതിനായി സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | സബ്സിഡി , നോൺ - സബ്സിഡി മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണ മെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിരന്തരം കത്തുകൾ അയയ്ക്കുകയും കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വർഷം | മാസം | രൂപ (ലിറ്ററിന്) |
|---|---|---|
| | ജനുവരി | 40 |
| | ഫെബ്രുവരി | 40 |
| | മാർച്ച് | 40 |
| | ഏപ്രിൽ | 30 |
| 2020 | മെയ് | 18 |
| | ജൂൺ | 20 |
| | ജൂലൈ | 29 |
| | ആഗസ്റ്റ് | 31 |
| | സെപ്റ്റംബർ | 30 |
| | ഒക്ടോബർ | 28 |
| | നവംബർ | 29 |
| | ഡിസംബർ | 30 |
| | ജനുവരി | 34 |
| | ഫെബ്രുവരി | 37 |
| | മാർച്ച് | 40 |
| | ഏപ്രിൽ | 41 |
| | മെയ് | 41 |
| | ജൂൺ | 44 |
| | ജൂലൈ | 45 |
| 2021 | ആഗസ്റ്റ് | 48 |
| | സെപ്റ്റംബർ | 45 |
| | ഒക്ടോബർ | 47 |
| | നവംബർ | 55 |
| | ഡിസംബർ | 53 |
| 2022 | ജനുവരി | 50 |
| | ഫെബ്രുവരി | 56, 59 ( 2 വട്ടം വില വ്യത്യാസം വന്നു) |
| | മാർച്ച് | 66 |
| | ഏപ്രിൽ | 81 |
| | മെയ് | 84 |
| | ജൂൺ | 88 |
| | ജൂലൈ | 102 |
| | ആഗസ്റ്റ് | 89 |

**സെക്ഷൻ ഓഫീസർ**